# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം–9.

നമ്പർ:ഇ3/1755/2022/എബിറ്റിറ്റി/ 2074 തീയതി: 02.12.2022

## ക്വട്ടേഷൻ നോട്ടീസ്

2023–ാമാണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള താഴെപ്പറയുന്ന ജോലികൾക്ക് പരിചയ സമ്പന്നതയുള്ള അംഗീകൃത പ്രസ്സുകളിൽ നിന്നും മത്സര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

### 1. പൊങ്കാല സ്റ്റിക്കറുകൾ

| | | |
|---|---|---|
| വലിപ്പം | : | 36cm x 12cm |
| പേപ്പർ | : | 90 gsm സ്റ്റിക്കർ പേപ്പർ |
| കളർ | : | 4 പ്രോസസ്സ് കളർ |
| പ്രിന്റിംഗ് | : | ഓഫ്സെറ്റ് |
| എണ്ണം | : | 5,000 കോപ്പികൾ – മലയാളം (പുറകുവശത്ത് പശ) – ലാമിനേഷനോടു കൂടിയത് |

### 2. പൊങ്കാല സ്റ്റിക്കറുകൾ

| | | |
|---|---|---|
| വലിപ്പം | : | 24cm x 8cm |
| പേപ്പർ | : | 90 gsm സ്റ്റിക്കർ പേപ്പർ |
| കളർ | : | 4 പ്രോസസ്സ് കളർ |
| പ്രിന്റിംഗ് | : | ഓഫ്സെറ്റ് |
| എണ്ണം | : | 10,000 കോപ്പികൾ മലയാളം (പുറകുവശത്ത് പശ) – ലാമിനേഷനോടു കൂടിയത് |

### 3. ഓവൽഷേപ്പ് സ്റ്റിക്കറുകൾ

| | | |
|---|---|---|
| വലിപ്പം | : | 12cm x 8cm |
| പേപ്പർ | : | 90 gsm സ്റ്റിക്കർ പേപ്പർ |
| കളർ | : | 4 പ്രോസസ്സ് കളർ |
| പ്രിന്റിംഗ് | : | ഓഫ്സെറ്റ് |
| എണ്ണം | : | 5,000 കോപ്പികൾ – മലയാളം (പുറകുവശത്ത് പശ) – ലാമിനേഷനോടു കൂടിയത്<br>2,000 കോപ്പികൾ – മലയാളം (മുൻ വശത്ത് പശ) – ലാമിനേഷനോടു കൂടിയത് |

### 4. റൗണ്ട് ഷേപ്പ് സ്റ്റിക്കറുകൾ

| | | |
|---|---|---|
| വലിപ്പം | : | 10cm വ്യാസം |
| പേപ്പർ | : | 90 gsm സ്റ്റിക്കർ പേപ്പർ |
| കളർ | : | 4 പ്രോസസ്സ് കളർ |
| പ്രിന്റിംഗ് | : | ഓഫ്സെറ്റ് |
| എണ്ണം | : | 2,000 കോപ്പികൾ – മലയാളം (മുൻ വശത്ത് പശ) – ലാമിനേഷനോടു കൂടിയത്<br>3,000 കോപ്പികൾ – മലയാളം (പുറകുവശത്ത് പശ) – ലാമിനേഷനോടു കൂടിയത് |

(........ 2........)

## നിബന്ധനകൾ

1 ക്വട്ടേഷനോടൊപ്പം പേപ്പറിന്റെയും മുമ്പ് ചെയ്തിട്ടുള്ള വർക്കുകളുടെയും മാതൃകകൾ കൂടി നൽകേണ്ടതാണ്.

2 500 കോപ്പികളുടെ കെട്ടുകളായി വേണം പ്രിന്റ് ചെയ്ത സാധനങ്ങൾ ട്രസ്റ്റ് ഓഫീസിൽ എത്തിക്കേണ്ടത്.

3 പ്രിന്റ് ചെയ്യേണ്ട ഡിസൈൻ/ആർട്ട് വർക്ക് ട്രസ്റ്റിൽ നിന്ന് സിഡിയിൽ ലഭിക്കുന്നതാണ്.

4 ജോലി പൂർത്തിയാക്കാൻ എത്ര ദിവസം വേണ്ടി വരുമെന്ന് ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്.

5 നികുതികളും മറ്റെല്ലാ ചാർജ്ജുകളുമടക്കമുള്ള തുക വേണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

6 പ്രിന്റ് ചെയ്യുന്നതിന് മുമ്പായി സ്റ്റിക്കറുകളുടെ പ്രൂഫ് (ഡിജിറ്റൽ പ്രിന്റ്) എടുത്ത് നൽകി അംഗീകാരം വാങ്ങേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

7 സ്വന്തമായി ഓഫ്സെറ്റ് ഡിജിറ്റൽ പ്രിന്റിംഗ് പ്രസ്സും അനുബന്ധ ഉപകരണങ്ങളും ഉള്ള പ്രിന്റേഴ്സ് മാത്രമേ ക്വട്ടേഷനുകൾ നൽകേണ്ടതുള്ളൂ.

8 ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ മുഴുവനായോ ഭാഗികമായോ നിരസിക്കുവാനും ക്വട്ടേഷൻ വിവരണങ്ങളിലും നിബന്ധനകളിലും മാറ്റം വരുത്തുവാനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ലറ്റർ പാഡിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, തിരുവനന്തപുരം-9 എന്ന വിലാസത്തിൽ അയയ്ക്കുകയോ, ട്രസ്റ്റ് ഓഫീസിലെ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്. കവറിന്റെ പുറത്ത് ക്വട്ടേഷന്റെ പേര് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ **07.12.2022 ബുധനാഴ്ച വൈകുന്നേരം 3.00 മണിക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതും **അന്നേ ദിവസം വൈകുന്നേരം 4.00 മണിക്ക്** സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം
2. ആഫീസ്
3. വെബ് സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
കൺവീനർ, പബ്ലിസിറ്റി കമ്മിറ്റി, പൊങ്കാല മഹോത്സവം-2023
ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2023
ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2023

sr